**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 895** **29-06-2026-ൽ മറുപടിയ്ക്ക്**

**ഒരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മങ്കട മണ്ഡലത്തിലെ ഒരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

**മറുപടി:** മങ്കട മണ്ഡലത്തിലെ ഓരാടംപാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന് 2026 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 2861 പ്രകാരം 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**(ബി)** റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പി&ഇ ചാർജ്ജിൽ അധികമായി അടയ്ക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ട തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ;

**മറുപടി:** 20.03.2020 തീയതിയിൽ Rs.10,16,23,800/- രൂപയുടെ ഭരണാനുമതി ഉത്തരവ് മൂന്ന് വർഷ കാലാവധി കഴിഞ്ഞതിനാൽ കാലഹരണപ്പെട്ടു.റെയിൽവേയിലേക്ക് അടക്കേണ്ട 16,23,800 രൂപ P&E ചാർജ്ജായി അടച്ചിരുന്നു. എന്നാൽ ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനായി 8,08,634 രൂപ P&E ചാർജ് ഉൾപ്പെടുത്തി 10,24,32,343 രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിരുന്നു. 02.03.2026 തീയതിയിൽ അഡിഷണൽ ചീഫ് സെക്രട്ടറി നടത്തിയ ഗൂഗിൾ മീറ്റിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചെലവും, റെയിൽവേയ്ക്ക് അടക്കേണ്ട P&E ചാർജ്ജും ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കുന്നതിനും പുനസാധൂകരിക്കുന്നതിനുമായി ശുപാർശ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ മഞ്ചേരി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**(സി)** ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിംഗ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ,എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസമുണ്ടായതിന്റെ കാരണമെന്താണ് ; പ്രസ്തുത വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** ഉണ്ട്. ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ, അലൈൻമെന്റ്, മണ്ണ് പരിശോധന എന്നിവ ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, ഹെഡ്

ക്വാർട്ടേഴ്സ് ഓഫീസ് സതേൺ റെയിൽവേ വർക്ക് ബ്രാഞ്ച് ചെന്നൈക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**(ഡി)** പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**മറുപടി:** സതേൺ റെയിൽവേയിൽ നിന്നും GAD, Alignmentplan, check list എന്നിവക്ക് അംഗീകാരം ലഭിക്കുകയും,പുതുക്കിയ ഭരണാനുമതി ലഭിക്കുകയും ചെയ്യേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**